# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 195**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

സഭയുടെ ആത്മീയവും സാമൂഹികവുമായ ദൗത്യനിർവഹണത്തിൽ സഭയുടെ ഔദ്യോഗിക സംഘടനകൾക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളത്. സഭയുടെ ദർശനങ്ങളും ലക്ഷ്യങ്ങളും ഇടവകകളിലേക്കും വിശ്വാസ സമൂഹത്തിന്റെ വിവിധ തലങ്ങളിലേക്കും എത്തിക്കുന്നതിലും, വിശ്വാസികളുടെ കഴിവുകളും വിഭവങ്ങളും സഭയുടെ ദൗത്യത്തിനായി ഏകോപിപ്പിക്കുന്നതിലും സംഘടനകൾ നിർണായകമായ പങ്കാണ് വഹിക്കുന്നത്. ഓരോ സംഘടനയും അതതിന്റെ മേഖലയിൽ സജീവമായും അനുഗ്രഹകരമായും പ്രവർത്തിച്ചുവരുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഔദ്യോഗിക സംഘടനകളുടെയും സുവിശേഷ പ്രസംഗ സംഘത്തിന്റെയും 2025–26 പ്രവർത്തനവർഷത്തിലെ വാർഷിക സമ്മേളനങ്ങൾ നടത്തുകയും വാർഷിക റിപ്പോർട്ടുകളും വരവ്-ചെലവ് കണക്കുകളും പാസാക്കുകയും പുതിയ പ്രവർത്തന വർഷത്തേക്കുള്ള ബജറ്റുകൾ അംഗീകരിക്കുകയും ചെയ്തതിൽ സന്തോഷമുണ്ട്. ആവശ്യമായിടങ്ങളിൽ സംഘടനാ തലത്തിലുള്ള തെരഞ്ഞെടുപ്പുകളും പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. മെത്രാപ്പോലീത്തായുടെ അനുമതിയോടെ അതത് സംഘടനകളുടെ പ്രസിഡന്റ് തിരുമേനിമാരുടെ നിർദ്ദേശപ്രകാരം പുതിയ ഭാരവാഹികളും കമ്മിറ്റി അംഗങ്ങളും ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് പ്രവർത്തനങ്ങളിൽ പ്രവേശിക്കുന്നു. പുതിയതായി സംഘടനകകളുടെയും സുവിശേഷ പ്രസംഗ സംഘത്തിന്റെയും ജനറൽ സെക്രട്ടറിമാരായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്നവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| **സന്നദ്ധ സുവിശേഷക സംഘം** | : റവ. ജേക്കബ് വി. ജോർജ്ജ് |
| **സുവിശേഷ പ്രസംഗ സംഘം** | : റവ. ഈപ്പൻ ഏബ്രഹാം |
| **വികസന സംഘം** | : റവ. ഷിബു സാമുവൽ |
| **സുവിശേഷ സേവികാ സംഘം** | : ശ്രീമതി സീന എബ്രഹാം |
| **സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്** | : പ്രൊഫ. ഡോ. റോയ്സ് മല്ലശ്ശേരി |

സണ്ടേസ്കൂൾ, യുവജനസഖ്യം, എന്നീ സംഘടനകളുടെ സെക്രട്ടറിമാരും ഡി.എസ്.എം. & സി. ഡയറക്ടറും തൽസ്ഥാനത്ത് തുടരുന്നതാണ്.

പുതിയതായി ചുമതല ഏറ്റെടുത്തിരിക്കുന്ന ഭാരവാഹികൾക്ക് ആശംസകളും പ്രാർത്ഥനകളും അറിയിക്കുന്നു. വ്യക്തി താൽപര്യങ്ങളെക്കാൾ സഭയുടെയും സംഘടനകളുടെയും പൊതുനന്മയ്ക്കും സുവിശേഷ ദൗത്യത്തിനും മുൻഗണന നൽകുവാൻ ഓരോരുത്തർക്കും ഇടയാകണം. അതോടൊപ്പം, കഴിഞ്ഞ കാലയളവിൽ സംഘടനകൾക്ക് നേതൃത്വം നൽകുകയും വിവിധ കമ്മിറ്റികളിൽ അംഗങ്ങളായി ആത്മാർത്ഥമായി സേവനമനുഷ്ഠിക്കുകയും ചെയ്ത എല്ലാ ഭാരവാഹികളെയും അഭിനന്ദിക്കുകയും നന്ദി അറിയിക്കുകയും ചെയ്യുന്നു.

സംഘടനകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും സജീവവും കാലോചിതവും സുവിശേഷ കേന്ദ്രിതവുമാക്കുവാൻ എല്ലാവരും കൂട്ടായി പരിശ്രമിക്കണം. പ്രത്യേകിച്ച് യുവജനങ്ങളെയും കുട്ടികളെയും കുടുംബങ്ങളെയും സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളെയും കൂടുതൽ ഫലപ്രദമായി സഭയുടെ ശുശ്രൂഷകളിൽ പങ്കാളികളാക്കുവാൻ സംഘടനകൾക്ക് കഴിയണം. പ്രിയരേ, സംഘടനകളുടെ മുൻപോട്ടുള്ള പ്രവർത്തനങ്ങൾക്ക് നമ്മുടെ പ്രാർത്ഥനയും പിന്തുണയും കൂട്ടായ സഹകരണവും അനിവാര്യമാണ്. അതിനാൽ പുതിയ ഭാരവാഹികൾക്ക് എല്ലാ അംഗങ്ങളുടെയും ഇടവകകളുടെയും വൈദികരുടെയും സഭാസമൂഹത്തിന്റെയും പൂർണ്ണ സഹകരണം നല്കണം.

കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് ക്രിസ്താബ്ദം 2026 ഒക്ടോബർ 6 –ാം തീയതി തിരുവല്ല പുലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത**